



മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

ബഡ്ജറ്റ്

2025 – 26





മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

2025-26
സാമ്പത്തിക വർഷത്തെ
ബജറ്റ്

2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിച്ച് കൊണ്ട് വൈസ് പ്രസിഡന്റ് മുഹമ്മദ് ഹനീഫ ആച്ചാട്ടിൽ നടത്തുന്ന പ്രസംഗം.

2024-25 വർഷത്തെ പുതുക്കിയ ബഡ്ജറ്റും 2025-26 ലെ മതിപ്പു ബജറ്റും തികഞ്ഞ പ്രതീക്ഷയോടെ ഞാൻ ഇവിടെ അവതരിപ്പിക്കുന്നു.

ബജറ്റ് തയ്യാറാക്കുന്നതിന് സഹായിച്ച പ്രസിഡന്റ്, സ്ഥിരംസമിതി അദ്ധ്യക്ഷന്മാർ, ധനകാര്യ സ്ഥിരംസമിതി അംഗങ്ങൾ, സെക്രട്ടറി, അക്കൗണ്ടന്റ് മറ്റു ജീവനക്കാർ വിവിധ ഘടക സ്ഥാപന മേധാവികൾ മറ്റു പ്രവർത്തകർ എന്നിവരോടുള്ള കൃതജ്ഞത അറിയിക്കുന്നു.

കാർഷിക സമൃതിയുടെ തലയെടുപ്പിൽ ഭൂതകാലം സമ്പൂർണ്ണമായിരുന്ന ഗ്രാമമായിരുന്നു മുന്നിയൂർ. കോഴിക്കോട് ജില്ലയിൽ നിന്ന് നെല്ല് ശേഖരിക്കുവാൻ കടലുണ്ടി പുഴയിലൂടെ കച്ചവടക്കാർ എത്തിയിരുന്ന പ്രദേശം നെൽ വയലുകളും നീർത്തടങ്ങളും നിറഞ്ഞതായിരുന്നു. നെൽവയലുകൾ മറ്റു കൃഷികൾക്ക് വഴിമാറുകയും ഉല്പാദനം കുറയുകയും ചെയ്തു. വാഴ, കപ്പ നാണ്യവിളകൾ എന്നിവക്കാണ് കർഷകർ മുൻഗണന നൽകി വരുന്നത്. മുന്നിയൂർ പഞ്ചായത്തിന്റെ പ്ലാൻഫണ്ടിൽ നിന്ന് ഒരു കോടിയോളം രൂപ കാർഷിക മേഖലക്ക് ചിലവഴിച്ച് വരുന്നു. വിത്തും, കൂലിചിലവും നെൽകർഷകർക്ക് നൽകിവരുന്നു. തരിശ് ഭൂമി കൃഷി യോഗ്യമാക്കുന്നതിൽ കൃഷിക്കാർ താല്പര്യം കാണിക്കുന്നുണ്ട്.

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡിയും, കാലിതീറ്റയും നൽകുന്നുണ്ട്. മാർക്കറ്റ് വിലയെക്കാളും കുറഞ്ഞ നിരക്കിനാണ് സൊസൈറ്റികൾ പാൽ ശേഖരിക്കുന്ന ഇത് കർഷകർക്ക് പ്രയാസമുണ്ടാക്കുന്നുണ്ട്.

ആരോഗ്യം

പഞ്ചായത്തു നിയോഗിച്ച ഡോക്ടർ അടക്കം 3 ഡോക്ടർമ്മാരുടെ സേവനം പി.എച്ച്.സി.യിൽ ഉണ്ട്. വൈകുന്നേരം വരെ ഒ.പി പ്രവർത്തിക്കുന്നു. വേണ്ടത്ര മരുന്ന് സർക്കാർ ഏജൻസികളിൽ നിന്ന് ലഭ്യമാകുന്നില്ല. പൈസ നൽകിയിട്ടും മാസങ്ങൾ കാത്തിരിക്കേണ്ട അവസ്ഥയാണ്. ലാബ് സംവിധാനം മെച്ചപ്പെടുത്തി വളരെ കുറഞ്ഞ നിരക്കിൽ എല്ലാ പരിശേധനകളും നൽകിവരുന്നത് രോഗികൾക്ക് ഏറെ സഹായകമായി പഞ്ചായത്തു ഫാർമസിസ്റ്റിന് പുറമെ ലാബ് ടെക്നിഷ്യനെ കൂടി നിയമിച്ചിട്ടുണ്ട്. ലാബ് എയർ കണ്ടീഷൻ ചെയ്യുവാൻ വാർഷിക പദ്ധതിയി വകയിരുത്തിയിട്ടുണ്ട്. ആയുർവേദ ആശുപത്രിയുടെ പുതിയ കെട്ടിടത്തിന് ടെണ്ടർ പൂർത്തികരിച്ചു. മാർച്ചിൽ തന്നെ പ്രവർത്തനം ആരംഭിക്കും ഇപ്പോൾ വാടക കെട്ടിടത്തിലേക്ക് മാറ്റി ഒ.പി, ഐ.പി സംവിധാനം തുടർന്നു വരുന്നു.

ഹോമിയോ ആശുപത്രി മുന്നിയൂർ ആലിൻചുവട്ടിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നു. 2 ഡോക്ടർമാരുടെ സേവനം പ്രതിദിനം 150 ഓളം രോഗികൾക്ക് ഉപയോഗപ്പെടുത്തിവരുന്നു. സ്വന്തമായി കെട്ടിടം നിർമ്മിക്കുവാനുള്ള ശ്രമം തുടർന്നു വരുന്നു. കൂടാതെ 6 ഹെൽത്തുസെന്ററുകളും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. സ്വന്തമായി കെട്ടിടമില്ലാത്ത കൂപ്പ ഹെൽത്ത് സെന്ററിന് കെട്ടിടം നിർമ്മിക്കുവാനുള്ള പശ്ചാതലം ഒരുക്കുന്നുണ്ട്.

ഓഫീസ് സംവിധാനം

മുന്നിയൂർ ഗ്രാമ പഞ്ചായത്തു ഓഫീസിലും ഘടകസ്ഥാപനങ്ങളിലും കൃത്യമായ സേവനങ്ങൾ ഉറപ്പാക്കുവാനുള്ള ക്രമീകരണം നടത്തും. ഗ്രാമ പഞ്ചായത്ത് ഓഫീസ് വാടകകെട്ടിടത്തിൽ നിന്ന് സ്വന്തമായ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് വാല്യുവേഷൻ

അടക്കമുള്ള പ്രവർത്തങ്ങൾ ത്വരിത ഗതിയിൽ നടന്നുവരുന്ന അത് പൂർത്തികരിക്കുന്ന നിനുള്ള നടപടികൾ സ്വീകരിക്കും.

പശ്ചാതലം മേഖല

റോഡുകളുടെ പരമാവധി പുനരുദ്ധാരണം പൂർത്തികരച്ചു. സ്ട്രീറ്റ് മെയിനുകൾ സ്ഥാപിക്കുന്നതിൽ 60 ശതമാനം ലക്ഷ്യം കണ്ടു. തുടർന്നുള്ള പ്രവർത്തനങ്ങൾ ഉണ്ടാവും. സ്ട്രീറ്റ് ലൈറ്റുകൾ നിയമാനുസൃതമായി സ്ഥാപിക്കും. ഹൈമാസ് റിനിമാസ് ലൈറ്റുകളുടെ മെയിന്റെനൻസിനായി അന്വൽ മെയിന്റെനൻസ് കോൺട്രാക്റ്റ് സ്ഥാപിക്കും. പഞ്ചായത്തിലെ പ്രധാന റോഡായ ക്രസന്റ് റോഡ് റബ്ബറൈസ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ ആവശ്യപ്പെട്ട പ്രകാരം സർക്കാർ 2 കോടി രൂപ അനുവദിച്ചത് ഏറെ സന്തോഷം നൽകുന്നുണ്ട്. എൻ.എച്ച് 66 ന്റെ നവീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് കാര്യമായ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പഞ്ചായത്തുകെട്ടിടം, പടിക്കൽ ജി.എ.ൽ.പി സ്ക്കുൾ എന്നിവയുടെ കെട്ടിടവും, സ്ഥലവും നഷ്ടമായി മാത്രമല്ല. നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾ പൊളിച്ച് മാറ്റിയതോടെ വസ്തു നികുതിയിനത്തിൽ വരുമാനം കുറയുകയും ചെയ്തു.

സേവന മേഘല

ലൈഫ് പദ്ധതിയിൽ യോഗ്യരായ മുഴുവൻ അപേക്ഷകരും (92 പേർ) എഗ്രിമെന്റ് വെച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. വീട് വാസ യോഗ്യമാക്കുന്നതിന് ഫണ്ടു വകയിരുത്തിയിട്ടുണ്ട്.

അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമതയോടെ നടക്കുന്നുണ്ട് ഈ ബഡ്ജറ്റിൽ പുതിയ പദ്ധതികളുണ്ട്. സ്ഥലം കിട്ടിയ അംഗൻവാടികൾ ക്കെല്ലാം കെട്ടിടങ്ങൾ സ്ഥാപിക്കുവാൻ നടപടികൾ ആരംഭിച്ചു.

വിദ്യാഭ്യാസം

ജി.എം.യു.പി.എസ് പാറക്കടവിന്റെ കെട്ടിട നിർമ്മാണം പൂർത്തിയായി വരുന്നു. സ്ക്കുളുകളുടെ പ്രവർത്തനം നല്ല രീതിയിൽ നടന്നുവരുന്നു. വെളിമുക്ക് ജി.എൽ.പി എസിന് ഭൂമി കണ്ടെത്തി കഴിഞ്ഞു. യുവതയുടെ തൊഴിൽ ഇല്ലായ്മക്ക് പരിഹാരമായി സ്വയം തൊഴിൽ അവസരങ്ങൾ ഒരുക്കുന്നതിനായുള്ള സഹായവും പ്രവർത്തനങ്ങളും നടന്നു വരുന്നു. പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കാനുള്ള പദ്ധതികൾ തുടരുന്നതാണ്.

വനിതകൾ

സ്ത്രീകൾക്കായുള്ള സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പദ്ധതിയുണ്ട്. യോഗ ദിവസങ്ങൾക്ക് അകം ആരംഭിക്കും പഞ്ചായത്തിൽ 3 കേന്ദ്രങ്ങളിൽ യോഗ ക്ലാസ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

ഭിന്നശേഷിക്കാർ

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കും ബഡ്സ് സ്ക്കൂൾ ആരംഭിക്കുവാനുള്ള നടപടികൾ പൂർത്തിയായി. മുതിർന്നവർക്ക് റീഹാബിലിറ്റേഷൻ സെന്ററും ആരംഭിക്കും.

വയോജനങ്ങൾ

വയോജനങ്ങളെ ചേർത്തു പിടിക്കുന്ന വയോജന ഉല്ലാസയാത്ര നടത്തി. അവസരം കിട്ടാത്തവർക്ക് വീണ്ടും പദ്ധതിചെയ്യുന്നുണ്ട്. വയോജനങ്ങൾക്ക് ചാരു കസേര പദ്ധതി അംഗികാരം ലഭിക്കാത്ത സഹചര്യത്തിൽ കട്ടിൽ നൽകുവാൻ പദ്ധതിയുണ്ടു.

മാലിന്യമുക്ത പഞ്ചായത്താക്കും "മിന്നും മുന്നിയൂർ"

2025 മാർച്ച് 30 ഓടെ മാലിന്യമുക്തത പഞ്ചായത്താകും, എം.സി.എഫ് ന് സ്ഥിരം സംവിധാനം കണ്ടെത്തും, പഞ്ചായത്തിലെ അങ്ങാടികൾ ശുചീകരിക്കുന്നതിനായി പ്രത്യേക ടീമിനെ സജ്ജമാക്കും, അങ്ങാടികളിൽ സ്മാർട്ട് ബിന്നകൾ സ്ഥാപിക്കും, ഹരിത കർമ്മസേന അംങ്ങളുടെ എണ്ണം വർദ്ധിപ്പിക്കും.

കുടിവെള്ളം

ജലനിധി 5600 കുടുംബങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം നൽകിവരുന്നു. ആവശ്യകാർക്ക് പുതിയ കണക്ഷനുകൾ നൽകിവരുന്നു. 1000 ഓളം കുടുംബങ്ങൾക്ക് ചെറുകിട കുടിവെള്ള പദ്ധതികൾ മുഖേന ശുദ്ധജലം നൽകിവരുന്നുണ്ട്. കിണർ റീചാർജിംങ്ങും തൊഴിലുറപ്പ് പദ്ധതിയിലുടെ നടന്നു വരുന്നു.

പട്ടികജാതി ക്ഷേമം

മുഴുവൻ ലൈഫ് ഗുണഭോക്താക്കൾക്കും എഗ്രിമെന്റ് വെച്ച് വീടിന്റെ പ്രവർത്തി തുടങ്ങുവാൻ സാധിച്ചു. പുതേരി വളപ്പ് നഗർ അംബേദ്കർ പദ്ധതി പൂർത്തീകരിച്ച് വരുന്നു. കല്ലടക്കായം നഗറിന് ജില്ലാ പഞ്ചായത്തിന്റെ സഹായം ലഭ്യമായി. മെറിറ്റിയൽ സ്കോളർഷിപ്പ്, ലാപ്ടോപ്പ്സ പഠനമുറി, വീട് വാസയോഗ്യമാക്കൽ എന്നീ പ്രൊജക്റ്റുകൾ എടുത്തു പറയാവുന്നതാണ്.

പി. അബ്ദുൽ ഹമിദ് മാസ്റ്റർ എം.എൽ.എ, ശ്രീമതി സെറീന ഹസീബ്, വികസന സ്ഥിരംസമിതി ചെയർപേഴ്സൺ, ബ്ലോക്ക് പഞ്ചായത്തു മെമ്പർമ്മാർ എന്നിവരുടെ സഹായ സഹകരണങ്ങൾ സ്മരിക്കുന്നു.

മുന്നിയൂർ ടൂറിസ്റ്റുകളെ വിളിക്കുന്നു

കടലുണ്ടി പുഴയുടെ ധന്യമായ ജല സമൃതി ഉപയോഗപ്പെടുത്തി മണ്ണട്ടാമ്പാറയിൽ നിന്ന് കാര്യാട് സ്റ്റേഡിയം ഭാഗത്തേക്ക് ബോട്ട് യാത്രയും പെഡൽ ബോട്ട് യാത്ര

ക്കുമുള്ള സംവിധാനം ഏർപ്പെടുത്തും. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കി ടൂറിസം വകുപ്പിന്റെ സഹായവും തേടും.

ഫ്ളഡ് ലൈറ്റ്സ് സ്റ്റേഡിയം

അബ്ദുൽ ഹമീദ് എം.എൽ.യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ചു കാര്യാട് പണിപൂർത്തിയായിവരുന്ന പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ സമർപ്പണം തൊട്ടടുത്ത മാസം ഉണ്ടാവും. സ്റ്റേഡിയത്തോടനുബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ചിൽഡ്രൻസ് പാർക്ക് കുട്ടികൾക്കായി തുറന്നുനൽകി. ജില്ലാപഞ്ചായത്തിന്റെ ഓപ്പൺ ജിം ഫെസിലിറ്റികൂടിവരുന്നതോടെ ടൂറിസത്തിന് മുതൽ ക്കൂട്ടായി സ്റ്റേഡിയം വൈവിദ്യ പദ്ധതികളുടെ സമുചയമാക്കിമാറ്റും.

വൈദ്യുതി മിച്ച പഞ്ചായത്താക്കും

പഞ്ചായത്തിലെ ഘടകസ്ഥാപനങ്ങളിലും അനുയോജ്യമായ അംഗൻ വാടികളിലും എം.എൽ.എ ഫണ്ടുപയോഗിച്ചും സോളാർ പാനൽ സ്ഥാപിക്കുകയും മിച്ചം വരുന്ന വൈദ്യുതി ഇലക്ട്രിസിറ്റി ബോർഡിന് തിരിച്ചും നൽകുകയും ചെയ്യുന്നതോടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിനുണ്ടാകുന്ന സാമ്പത്തിക ചിലവ് ഇല്ലാതാക്കുന്നതിനും, വൈദ്യുതി മിച്ചം വരുന്ന പഞ്ചായത്താക്കി മാറുകയും ചെയ്യും. പഞ്ചായത്തിൽ വനിതകൾ ഗൃഹനാഥയായ കുടുംബത്തിന് സോളർ പാനൽ സ്ഥാപിക്കുവാനുള്ള സബ്സിഡിക്ക് പുറമെ, ബാങ്ക് വായ്പ സംഘടിപ്പിച്ച് നൽകും, ഇതോടെ വൈദ്യുതി മിച്ച ഗ്രഹങ്ങളും ഉണ്ടാവും.

പാസ്പോർട്ട് ഓഫീസ് മുന്നിയൂരിൽ

പഞ്ചായത്തിലെ യാത്ര ചെയ്യാൻ ബുദ്ധിമുട്ടുള്ളവർക്കും, ഭിന്നശേഷികാർക്കുമായി പാസ്പോർട്ട് ഓഫീസിന്റെ മൊബൈൽ ടീമിനെ പഞ്ചായത്തിൽ കൊണ്ടുവന്നു പാസ്പോർട്ട് സംബന്ധമായ എല്ലസേവനങ്ങളും സാധാരണക്കാരനു നൽകുവാൻ വേണ്ട സംവിധാനം പാസ് പോർട്ട് ഓഫീസ് അധികാരികളുടെ സഹായത്തോടെ ചെയ്യും.

കുടിവെള്ള പരിശോധനക്ക് ലാബ്

പഞ്ചായത്തിലെ തിരഞ്ഞടുക്കുന്ന സ്ക്കുളുകളിൽ ലാബ് സജീകരിച്ച് കിണറുകളിലെ കുടി വെള്ളത്തിന്റെ ഗുണ നിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും.

ക്ലബ്ബുകൾക്ക് സ്പോട്സ് കിറ്റ്

പഞ്ചായത്തിലെ രജിസ്ട്രേഡ് ക്ലബ്ബുകൾക്ക് സ്പോട്സ് കിറ്റ് നൽകും, യു.പി ഹൈസ്ക്കുൾ കുട്ടികൾക്ക് നിന്തൽ പരിശീലനം നടത്തുവാൻ ഏജൻസികളുമായി സഹകരിച്ച് പ്രവർത്തിക്കും.

യുവാക്കൾക്ക് Wi-Fi

പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ യുവാക്കൾക്കായി ഫ്രീ wi-fi നൽകും.

ഭരണഘടന സാക്ഷരത പഞ്ചായത്ത്

ഇന്ത്യൻഭരണഘടനയുടെ യഥാർത്ഥ സത്ത സാധാരണ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ഭരണ ഘടനയുടെ ചെറിയ പതിപ്പ് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേനേ എല്ലാവീടുകളിലേക്കും എത്തിക്കുവാൻ വേണ്ട കാര്യങ്ങൾ ചെയ്യും.

വിഭവ ഭൂപട സർവ്വേ നടത്തും

പഞ്ചായത്തിന്റെ ആസ്തി മുഴുവൻ തിട്ടപ്പെടുത്തി വിഭവ ഭൂപട സർവ്വെ നടത്തുവാൻ ഏജൻസിയെ ഏൽപ്പിക്കും. ഇതിന്റെ ഭാഗമായി കടലുണ്ടി പുഴ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തി കല്ല് സ്ഥാപിക്കും.

പ്രിയ സഹപ്രവർത്തകരെ നമ്മുടെ പഞ്ചായത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളെ കുറിച്ചാണ് ഞാൻ സംസാരിച്ചത്. നമുക്ക് ലഭ്യമാകുന്ന വിഭവങ്ങളെയും സാധ്യതകളെയും സമയത്തെയും പരമാവധി പ്രയോജനപ്പെടുത്തുന്നതിനാണ് ഇതിലൂടെ ശ്രമിച്ചത്. അരികുവൽക്കരിക്കപ്പെടുന്നവരെയും ദുർബലവിഭാഗങ്ങളെയും, സ്ത്രീകളെയും പരിഗണിക്കുക എന്ന പ്രധാന ദൗത്യം നിർവ്വഹിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഒരു വിഭവവും പാഴാക്കാതെ ഉപയോഗിക്കുക എന്നത് ബാധ്യതയാണെന്ന കർത്തവ്യം ഭാരമായി കാണാതെ അവയെ അനുഭവവും ആസ്വാദനവുമായി കണ്ടുള്ള പ്രവർത്തന രീതിയാണ് നമ്മുടെ കരുത്ത്. ജനപ്രതിനിധികളും ജീവനക്കാരും ചേർന്നുള്ള ഏകീകരിച്ച പ്രവർത്തനം മുൻ വർഷങ്ങളെ പോലെ 2025-26 ലും കൂട്ടായ പ്രവർത്തനത്തിലൂടെ നമുക്ക് ഗ്രാമപഞ്ചായത്തിന്റെ സമഗ്ര മുന്നേറ്റം സാധ്യമാകണം. എല്ലാവരുടെയും പൂർണ്ണ സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് 2025-26- വാർഷിക ബജറ്റ് ഭരണസമിതി മുമ്പാകെ സമർപ്പിക്കുന്നു.

മുഹമ്മദ് ഹനീഫ ആച്ചാട്ടിൽ
വൈസ് പ്രസിഡന്റ് &
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

BUDGET STATEMENT

Moonniyur Grama Panchayat

Budget for the Year 2025-26

	PARTICULARS		Actuals for the year 2023-24 (2023-24ലെ കണക്ക്)	Budget for the year 2024-25 including all revisions (2024-25ലെ പരിഷ്കരിച്ച ബജറ്റ്)	Budget for the year 2025-26 (2025-26 ലെ ബജറ്റ്)
A	Opening balance(net)	ws-1	110,613,724.00	140,768,301.00	103,868,336.00
B	a) Tax revenue-നികുതി വരുമാനം	BS-1	16,411,629.00	19,200,000.00	20,500,000.00
C	b) Non tax revenue-നികുതിയിതര വരുമാനം	BS-2	10,887,219.00	8,877,000.00	10,122,000.00
D	**Total Own Fund-ആകെ തനത് ഫണ്ട്**	(B+C)	27,298,848.00	28,077,000.00	30,622,000.00
E	c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട്	BS-3	25,526,700.00	34,035,000.00	38,797,000.00
F	**Total - ആകെ**	(D+E)	52,825,548.00	62,112,000.00	69,419,000.00
G	d) Other Grants(Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതി ചെലവുകൾക്ക്	BS-4	86,247,240.00	212,529,350.00	126,307,200.00
H	e) Other Grants(Non-Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതിയേതര ചെലവുകൾക്ക്	BS-5	69,468,600.00	90,000,000.00	100,000,000.00
I	**Toal Revenue Income - ആകെ റവന്യൂ വരവുകൾ**	(F+G+H)	208,541,388.00	364,641,350.00	295,726,200.00
J	Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ	BS-6	-	21,704,000.00	-
K	ner than loans - വായ്പ ഒഴികെ മൂലധന വരവുകൾ	BS-7	4,617,757.00	32,034,526.00	9,773,800.00
L	**Total Capital Income-ആകെ മൂലധന വരവുകൾ**	(J+K)	4,617,757.00	53,738,526.00	9,773,800.00
M	**Total Income - ആകെ വരവുകൾ**	(I+L)	213,159,145.00	418,379,876.00	305,500,000.00
N	**Total Income+Net opening balance - ആകെ വരവുകളും പ്രാരംഭ ബാക്കിയും**	(M+A)	323,772,869.00	559,148,177.00	409,368,336.00

BUDGET STATEMENT

Moonniyur Grama Panchayat

Budget for the Year 2025-26

	PARTICULARS		Actuals for the year 2023-24 (2023-24ലെ കണക്ക്)	Budget for the year 2024-25 including all revisions (2024-25ലെ പരിഷ്കരിച്ച ബജറ്റ്)	Budget for the year 2025-26 (2025-26 ലെ ബജറ്റ്)
O	Revenue Expenditure-Statutory functions - റവന്യൂ ചെലവുകള് -അനിവാര്യ ചുമതലകൾക്ക്	BS-8	16,433,871.00	20,957,000.00	25,936,000.00
P	Revenue Expenditure-Plan - റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ	BS-9	81,753,691.00	288,816,101.00	156,349,200.00
Q	Revenue Expenditure-Non-Plan- റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ	BS-10	69,468,600.00	90,000,000.00	100,000,000.00
R	**Total Revenue Expenditure - ആകെ റവന്യൂ ചെലവുകൾ**	(O+P+Q)	167,656,162.00	399,773,101.00	282,285,200.00
S	Capital Expenditure -Loan repayments - മൂലധന ചെലവുകള് -വായ്പ തിരിച്ചടവ്	BS-11	-	-	2,500,000.00
T	Capital expenditure other than loan repayments - മറ്റ് മൂലധന ചെലവുകൾ	BS-12	15,348,406.00	55,506,740.00	24,575,000.00
U	**Total Capital Expenditure - ആകെ മൂലധന ചെലവുകൾ ചെലവുകൾ**	(S+T)	15,348,406.00	55,506,740.00	27,075,000.00
V	**Total Expenditure - ആകെ ചെലവുകൾ**	(R+U)	183,004,568.00	455,279,841.00	309,360,200.00
W	**Closing Balance - നീക്കി ബാക്കി**	(N-V)	140,768,301.00	103,868,336.00	100,008,136.00



Moonniyur Grama Panchayat : Budget For The Financial Year 2025-26

BS-1-REVENUE INCOME-TAXES- (നികുതി വരവുകൾ)

DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2023-24 (2023-24ലെ കണക്ക്)	Budget for the year 2024-25 including all revisions (2024-25ലെ പരിഷ്കരിച്ച ബജറ്റ്)	Budget for the year 2025-26 (2025-26 ലെ ബജറ്റ്)
110 10 01	Property Tax-വസ്തു നികുതി	13979364	16000000	17000000
110 11 01	Service Tax-സേവന നികുതി	0		
110 20 01	Profession Tax-തൊഴിൽ നികുതി	2432265	3200000	3500000
110 30 01	Advertisement Tax-പരസ്യ നികുതി	0		
110 35 01	Show Tax-പ്രദർശന നികുതി	0		
110 40 01	Entertainment Tax-വിനോദനികുതി	0		
110 51 01	Toll-ടോൾ	0		
110 52 01	Land Conversion Cess -ഭൂ പരിവർത്തന സെസ്	0		
110	**Total-Tax Revenue-ആകെ നികുതി വരവ്**	**16411629**	**19200000**	**20500000**

BS-2- -REVENUE INCOME-NON-TAX- (നികുതിയിതര വരവുകൾ)

130	**Rental Income from Panchayat Properties**			
130 10 01	Rent from Land and Buildings -സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക	0		

130 20 01	Rent from Staff Quarters -സ്റ്റാഫ് ക്വാർട്ടേഴ്സ് വാടക	12000	12000	12000
130 30 01	Rent from Auditoriums and Halls - ആഡിറ്റോറിയം/ഹാൾ വാടക	0		
130 40 01	Daily Rentals from Panchayat Properties - പഞ്ചായത്ത് സ്വത്തുകളുടെ ദിവസ വാടക	0		
130 80 01	Other Rents- മറ്റ് വാടകകൾ	0		
130	**Total-Rental Income from Panchayat Properties**	**12000**	**12000**	**12000**
140	**Fees & User Charges**			
140 10 01	Empanelment & Registration Charges / Fees- രജിസ്ട്രേഷൻ ചാർജ്/ഫീസ്	2200	35000	38000
140 11 01	Licence Fees-ലൈസൻസ് ഫീസ്	466000	620000	650000
140 12 01	Fee for Grant of Permit-പെർമിറ്റ് ഫീസ്	6014950	4000000	4800000
140 13 01	Fees for Certificate or Extract - സർടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ	61435	68000	70000
140 20 01	Penalties and Fines-ഫൈൻ	299728	265000	270000
140 40 01	Miscellaneous Fees-മറ്റ് ഫീസുകൾ	605072	250000	300000
140 50 01	User Charges Collected-യൂസർ ചാർജ്	413048	62000	65000
140 70 01	Service/ Administrative Charges - സർവീസ്/അഡ്മിനിസ്ട്രേടിവ് ചാർജുകൾ	25000	0	26000
140	**Total-Fees & User Charges-**	**7887433**	**5300000**	**6219000**
150	**Sale & Hire Charges**			
150 10 01	Sale of Products-ഉൽപ്പന്നങ്ങളുടെ വില	0		
150 12 01	Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന	190400	225000	250000
150 30 01	Miscellaneous Sales --മറ്റ് വസ്തുക്കളുടെ വിൽപ്പന	0		
150 40 01	Hire Charges of Vehicles-വാഹന വാടക	0		

150 41 01	Hire Charges of Tools , Machinery and Equipment - ഉപകരണങ്ങളുടെ വാടക	0		
150	**Total-Sale & Hire Charges**	**190400**	**225000**	**250000**
151	**Receipts from Transferred Institutions**			
151	**Total-Receipts from Transferred Institutions**	**0**	**0**	**0**
170	**Income from Investments**			
170 10 01	Interest from Investments -നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ	1517559	1800000	2000000
170	**Total-Income from Investments**	**1517559**	**1800000**	**2000000**
171	**Interest Earned**			
171 10 01	Interest from Bank Accounts -ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ	1243240	1500000	1600000
171 20 01	Interest on Loans and Advances to Employees - ജീവനക്കാർക്ക് നൽകിയിട്ടുള്ള മുൻകൂറുകളിൽ നിന്നുള്ള പലിശ	0		
171 30 01	Interest on Loans to Others -മറ്റ് വായ്പകളിൽ നിന്നുള്ള പലിശ വരവുകൾ	0		
171 80 01	Other Interest-മറ്റ് പലിശ വരവുകൾ	0		
171	**Total-Interest Earned**	**1243240**	**1500000**	**1600000**
180	**Other Income**			
180 40 01	Recovery from Employees -ജീവനക്കാറിൽ നിന്നുള്ള റിക്കവറികൾ	36587	40000	41000
180	**Total-Other Income-മറ്റ് വരവുകൾ -ആകെ**	**36587**	**40000**	**41000**
	Total-Non tax revenue -ആകെ നികുതിയിതര വരവുകൾ	**10887219**	**8877000**	**10122000**

BS-3 - GENERAL PURPOSE FUND ജനറൽ പർപ്പസ് ഫണ്ട്				
	General Purpose Fund - ജനറൽ പർപ്പസ് ഫണ്ട്	25526700	34035000	38797000
	Total-General purpose fund -ജനറൽ പർപ്പസ് ഫണ്ട്	**25526700**	**34035000**	**38797000**
BS-4 -REVENUE INCOME-PLAN GRANTS (പദ്ധതി ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - റവന്യൂ വരവുകൾ)				
311	**Revenue Grants, Funds, Contributions & Compensations**			
3201001	Grants, Funds & Contributions for Specific Purposes - centrally sponsored Schemes - കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	20137563	54422585	31345000
3201002	Grants, Funds & Contributions for Specific Purposes - Other Central Government Grants - കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും--പ്രത്യേക പദ്ധതികൾക്കുള്ളത്	1188966	2948763	0
3202001	Development Fund-വികസന ഫണ്ട്	55148037	109370805	88287200
3203001	Grants, Funds & Contributions for Specific Purposes - Other Government Agencies മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	3850000	14000000	0
3207002	Contributions for Joint Venture Projects (for Centrally Sponsored Scheme)- സംയോജിത പദ്ധതികൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം-	5189694	27208697	6675000

3208001	Other Grants , Funds & Contributions for Specific Purposes -others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	732980	4578500	0
	Revenue Grants, Funds, Contributions & Compensations	**86247240**	**212529350**	**126307200**
BS-5-REVENUE INCOME- NON PLAN GRANTS (പദ്ധതിയിതര ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം -വരവുകൾ)				
160	**Revenue Grants, Funds, Contributions & Compensations**			
160 10 03	State Sponsored Schemes (not included under Decentralised Plan Programme)സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ	69468600	90000000	100000000
160	**Total-Revenue Grants, Funds, Contributions & Compensations**	**69468600**	**90000000**	**100000000**
BS-6 - CAPITAL INCOME- LOANS (വായ്പ ഇനത്തിലുള്ള മൂലധന വരവുകൾ സംബന്ധിച്ച ബജറ്റ്)				
330	**loans**			
330 50 02	loans - Loan from Financial Institutions -മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ	0	21704000	0
330	**Total-loans-ആകെ വായ്പകൾ**	**0**	**21704000**	**0**
BS-7- CAPITAL INCOME- OTHER THAN LOANS (മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള മറ്റ് വരവുകൾ)				

3201001	Grants, Funds & Contributions for Specific Purposes - centrally sponsored Schemes - കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	2125299	7623000	4255000
3202001	Development Fund-വികസന ഫണ്ട്	2492458	22891306	5518800
3207002	Contributions for Joint Venture Projects (for Centrally Sponsored Scheme) - സംയോജിത പദ്ധതികൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം		1520220	0
	Total-Revenue Grants, Funds, Contributions & Compensations	**4617757**	**32034526**	**9773800**
	BS-8-Revenue Expenditure-Mandatory functions (അനിവാര്യ ചുമതലകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)			
210	**Establishment Expenses-**			
210 10 01	Salaries-ശമ്പളം	8430190	10000000	12000000
210 10 02	Wages-കൂലി	942031	1000000	1050000
210 10 03	Bonus-ബോണസ്	35362	60000	75000
210 20 01	Travelling Allowances-യാത്രാ ബത്ത	163601	115000	150000
210 20 02	Other Benefits and Allowances-മറ്റ് ബത്തകൾ	85550	210000	300000
210 20 03	Monthly Honorarium of Elected Representatives - ജനപ്രതിനിധികൾക്കുള്ള ഓണറേറിയം	2374481	2600000	3100000
210 20 04	Sitting Fee of Elected Representatives -ജനപ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ	229200	250000	300000
210 20 05	Travelling Allowance of Elected Representatives - ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത	35420	100000	200000

210 30 01	Pension Contributions -പെൻഷൻ കോൺട്രിബ്യൂഷൻ	811775	1250000	1300000
210 30 02	Leave Salary Contributions-അവധി ശമ്പളം	887532	700000	800000
210 40 01	Other Terminal & Retirement Benefits -മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ	0	700000	700000
210	**Total-Establishment Expenses -ജീവനക്കാര്യത്തിലേക്കുള്ളചെലവുകൾ -ആകെ**	**13995142**	**16985000**	**19975000**
220	**Administrative Expenses-ഭരണ ചെലവുകൾ**			
220 10 01	Rent-വാടക	46803	300000	320000
220 11 01	Office Maintenance-ഓഫീസ് ചെലവുകൾ	368419	600000	700000
220 12 01	Communication Expenses -വാർത്താവിനിമയ ചെലവുകൾ	244706	200000	260000
220 20 01	Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും	112343	150000	200000
220 21 01	Printing & Stationery-അച്ചടിയും സ്റ്റേഷനറിയും	209369	255000	300000
220 40 01	Insurance and Registration - ഇന്ഷുറൻസ്/രജിസ്ട്രേഷൻ	11786	15000	20000
220 50 01	Audit Fees-ഓഡിറ്റ് ഫീ	0		
220 51 01	Legal Expenses -നീതിന്യായസേവനങ്ങൾക്കുള്ള ചെലവുകൾ	38000	125000	150000
220 52 01	Professional & Other Fees -പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ	14620	12000	15000
220 60 01	Advertisement & Publicity-പരസ്യവും പ്രചരണവും	90880	60000	76000
220 61 01	Membership & Subscriptions-മെമ്പർഷിപ്/വരിസംഖ്യ	0	50000	100000

220 70 01	Election Expenses -തെരഞ്ഞെടുപ്പ് ചെലവുകൾ	49182	100000	20000
220 71 01	Extra - ordinary Expenses -അസാധാരണ ചെലവുകൾ	0	150000	100000
220 80 01	Miscellaneous Administrative Expenses -മറ്റ് ഭരണ ചെലവുകൾ	439525	400000	500000
220	**Total-Administrative Expenses - ഭരണ ചെലവുകൾ -ആകെ**	**1625633**	**2417000**	**2761000**
230	**Operations & Maintenance-സംരക്ഷണവും നടത്തിപ്പും**			
230 10 01	Power-വൈദ്യുതി/ഊർജം	509169	650000	820000
230 10 02	Diesel, Petrol, Gas & Lubricants- ഡീസൽ പെട്രോൾ , ഓയിൽ , ലൂബ്രിക്കന്റ്	149098	160000	300000
230 11 01	Water Charges for Drinking Water Schemes -വാട്ടർ ചാർജ്	0		
230 20 01	Bulk Purchases		0	0
230 30 01	Consumption of Stores	16062	20000	25000
230 40 01	Hire Charges-വാടക	8968	25000	30000
230 50 01	Repairs & Maintenance - Infrastructure Assets - Buildings-സംരക്ഷണവും അറ്റകുറ്റപ്പണികളും-പൊതു കെട്ടിടങ്ങൾ	0		200000
230 50 02	Repairs & Maintenance - Infrastructure Assets - Roads-സംരക്ഷണവും അറ്റകുറ്റപ്പണികളും-റോഡുകൾ	0		200000
230 50 04	Repairs & Maintenance Culverts & Bridges-സംരക്ഷണവും അറ്റകുറ്റപ്പണികളും–പാലങ്ങളും കലുങ്കുകളും	0		100000
230 50 05	Repairs & Maintenance - Drinking Water - സംരക്ഷണവും അറ്റകുറ്റപ്പണികളും-കുടിവെള്ള പദ്ധതികൾ			300000

230 50 06	Repairs & Maintenance Irrigation - സംരക്ഷണവും അറ്റകുറ്റപ്പണികളും-ജല സേചന പദ്ധതികൾ			25000
230 50 07	Repairs & Maintenance - Electricity - സംരക്ഷണവും അറ്റകുറ്റപ്പണികളും-വൈദ്യുതി			100000
230 50 09	Repairs & Maintenance - Movable Assets - സംരക്ഷണവും അറ്റകുറ്റപ്പണികളും-ജംഗമ ആസ്തികൾ	84213	100000	100000
230 50 99	Repairs & Maintenance -Other Fixed Assets - സംരക്ഷണവും അറ്റകുറ്റപ്പണികളും-മറ്റ് സ്ഥിര ആസ്തികൾ	0		100000
230 80 01	Other Operating and maintenance expenses -മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ	45586	600000	900000
230	**Total-Operations & Maintenance-** നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ-ആകെ	**813096**	**1555000**	**3200000**
240	**Interest & Finance Charges** -പലിശയും അനുബന്ധ ചെലവുകളും			
240 50 01	Interest on loans from banks -ബാങ്ക് വായ്പകളിന്മേൽ ഉള്ള പലിശ			0
240	**Total-Interest & Finance Charges** -പലിശയും അനുബന്ധ ചെലവുകളും-ആകെ	**0**	**0**	**0**
	TOTAL STATUTORY EXPENDITURE -അനിവാര്യ ചെലവുകൾ ആകെ	**16433871**	**20957000**	**25936000**

BS-9 - Revenue Expenditure - PLAN

(പ്ലാൻ റവന്യൂ ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)

250	Decentralised Plan Programme - Productive Sector			
2501001	Agriculture and Related Sectors - Paddy-കൃഷിയും അനുബന്ധ മേഖലകളും - നെൽകൃഷി	2386303	5613697	4000000
2501002	Agriculture and Related Sectors - Other crops - കൃഷിയും അനുബന്ധ മേഖലകളും-മറ്റ് വിളകൾ		3750000	0
2501003	Agricultural Development Programs -മറ്റ് കാർഷിക വികസന പരിപാടികൾ		40000	50000
2501004	Agriculture and Related Sectors - Animal husbandry - കൃഷിയും അനുബന്ധ മേഖലകളും-മൃഗ സംരക്ഷണം		350000	0
2501005	Agriculture and Related Sectors - Dairy development കൃഷിയും അനുബന്ധ മേഖലകളും ക്ഷീര വികസനം		325000	0
2501008	Agriculture and Related Sectors - Watershed Management-കൃഷിയും അനുബന്ധ മേഖലകളും-നീർത്തട വികസനം	29571	0	0
2501009	Agriculture and Related Sectors - Coconut-കൃഷിയും അനുബന്ധ മേഖലകളും-തെങ്ങ് കൃഷി	983200	2486800	1700000
2501011	Agriculture and Related Sectors - Vegetables-കൃഷിയും അനുബന്ധ മേഖലകളും-പച്ചക്കറി	300000	300000	300000
2501012	Agriculture and Related Sectors - Plantain-കൃഷിയും അനുബന്ധ മേഖലകളും-വാഴ	2138887	0	4000000
2501013	Agriculture and Related Sectors -Tuber Crops - കൃഷിയും അനുബന്ധ മേഖലകളും-കിഴങ്ങ് വിളകൾ	200000	0	0

2501019	Agriculture and Related Sectors -Pepper-കൃഷിയും അനുബന്ധ മേഖലകളും-കുരുമുളക്	591500	0	0
2501027	Agriculture and Related Sectors - Value addition of Produce-കൃഷിയും അനുബന്ധ മേഖലകളും		0	280000
2501031	Animal Husbandry -Cow-മൃഗ സംരക്ഷണം-പശു വളർത്തൽ	834880	1950000	1950000
2501032	Animal Husbandry -Goat-മൃഗ സംരക്ഷണം-ആട് വളർത്തൽ		1472000	0
2501035	Animal Husbandry -Poultry- മൃഗ സംരക്ഷണം-മുട്ട കോഴി/താറാവ് വളർത്തൽ	648000	0	800000
2501039	Animal Husbandry -Infrastructure-മൃഗസംരക്ഷണം-പശ്ചാത്തല സൌകര്യങ്ങൾ	366395	45000	315000
2501040	Animal Husbandry -Disease Control -മൃഗ സംരക്ഷണം-രോഗ നിയന്ത്രണം		70000	350000
2501046	Dairy Development -Storage and Marketing -ക്ഷീര വികസനം-സംഭരണവും വിപണനവും	349651	0	0
2501048	Dairy Development -Infrastructure-ക്ഷീര വികസനം-പശ്ചാത്തല സൌകര്യങ്ങൾ		0	325000
2502001	Soil and Water Conservation - മണ്ണ് ജല സംരക്ഷണം		1100000	0
2502002	Minor Irrigation-ചെറുകിട ജലസേചനം		1100000	0
2503001	Small scale industries and Micro enterprises - ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും		2218240	0
250	**Total-Decentralised Plan Programme - Productive Sector-ഉത്പാദന മേഖല ആകെ**	**8828387**	**20820737**	**14070000**

251	Decentralised Plan Programme - Service Sector - സേവന മേഖല			
2510115	Literacy Equivalance Examination -സാക്ഷരത - തുല്യതാ പരീക്ഷ		300000	300000
2511001	Pre-primary Education -പ്രീ-പ്രൈമറി വിദ്യാഭ്യാസം		1300000	0
2511002	Primary Education-പ്രൈമറി വിദ്യാഭ്യാസം		3300000	400000
2511004	Higher Secondary /Vocational Higher Secondary School Education -ഹയർ സെക്കണ്ടറി / തൊഴിൽ അധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസം		95000	0
2511006	SSA & Other Educational Programs -സർവ ശിക്ഷ അഭിയാനും മറ്റ് വിദ്യാഭ്യാസ പരിപാടികളും	3403740	0	0
2511007	Sports-സ്പോർട്സ്		538669	0
2511008	Youth Welfare-യുവജനക്ഷേമം		0	150000
2511009	Reading Rooms and Libraries -വായന ശാലകളും റീഡിംഗ് റൂമുകളും		100000	0
2511010	Arts and Culture-കല-സംസ്കാരം		250000	195000
2511012	Vocational Higher Secondary Education - തൊഴിൽ അധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസം		6000	0
2511013	Education-Related Activities -വിദ്യാഭ്യാസ - അനുബന്ധ പ്രവർത്തനങ്ങൾ		545000	0
2511014	Financial Assistance for SC /ST Students For Higher Education Admission -പട്ടിക ജാതി പട്ടിക വർഗ വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു ധന സഹായം	1665000	7168600	0

2511016	Reading Rooms ,Libraries - Periodicals-വായനശാലകളും റീഡിംഗ് റൂമുകളും-ആനുകാലികങ്ങൾ	39300	0	450000
2512001	PHC, CHC &Other Hospitals /Dispensaries-ഹെൽത്ത് സെന്ററുകൾ/ആസ്പത്രികൾ/ഡിസ്പന്സറികൾ	1006077	4178340	2960000
2512002	Public Health Programs -പൊതു ആരോഗ്യ പരിപാടികൾ		3338247	0
2512003	Health related Special Programs -പ്രത്യേക ആരോഗ്യ പരിപാടി	2398391	189540	0
2512004	Medicines-മരുന്നുകൾ	2622390	3200000	0
2512005	Hospital Waste Management -ആസ്പത്രി മാലിന്യ പരിപാലനം	492580	0	0
2512008	Drinking Water-കുടിവെള്ളം		5560920	0
2512009	Sanitation-ശുചിത്വം		2024309	0
2512010	Health Sub centers-ആരോഗ്യ ഉപകേന്ദ്രങ്ങൾ		265343	1750000
2512015	Ayurveda Hospital-ആയുർവേദ ആസ്പത്രി		400000	3050000
2512018	Homeo Dispensary -ഹോമിയോ ഡിസ്പന്സറി		0	835000
2512025	Drinking Water - Public-പൊതു കുടിവെള്ള വിതരണം		103120	0
2512026	Sanitation & Waste Management - Public-പൊതു ശുചിത്വം-മാലിന്യ പരിപാലനം	396398	7955793	3600000
2513001	Housing-ഭവന നിർമാണം	18207600	64750000	47229200
2513004	Electrification-വൈദ്യുതീകരണം.		94269	0
2513005	Programs for the Aged -വൃദ്ധക്ഷേമ പരിപാടികൾ		4688240	200000

2513006	Programs for Physically / Mentally Challenged -ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ	4645913	6425845	5000000
2513007	Welfare Programs for the Destitute -അഗതി ക്ഷേമ പരിപാടികൾ		775000	0
2513008	Total Poverty Alleviation Programs -ദാരിദ്ര്യ ലഘൂകരണ പരിപാടികൾ	16238745	47530000	26345000
2513009	Women's Welfare Programs -വനിതാ ക്ഷേമ പരിപാടി	750000	166915	1200000
2513010	Special Programs for Scheduled Castes -പട്ടിക ജാതി ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ		1375000	0
2513014	Housing & House Electrification - Construction/Purchase by Local Government	70000	475000	0
2514002	Special Child Welfare Program -പ്രത്യേക ശിശുക്ഷേമ പരിപാടികൾ	19969	15000	15000
2514101	Anganwadi Nutrition -അംഗൻവാടി പോഷകാഹാര പരി പാടി	6531992	8893176	8000000
2514201	Anganwadi Infrastructure -അംഗൻവാടി പശ്ചാത്തല സൌകര്യങ്ങൾ	1942200	2000000	0
2516005	General Economic Services - Plan Formulation , Monitoring and Evaluation -പദ്ധതി രൂപീകരണം ,മോണിറ്ററിംഗ്	2914611	2074012	1400000
2516006	General Economic Services - Good Governance - സൽ ഭരണം	1090776	1350000	0
2516007	General Economic Services - Computerisation of LSGIs and Transferred Institutions -തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഘടക സ്ഥാപനങ്ങളുടെയും കമ്പ്യൂട്ടർ വൽക്കരണം	105988	106000	0

2516101	Vocational Capacity Building - Vocational Training - തൊഴിൽ നൈപുണ്യ വികസനം - തൊഴിൽ പരിശീലനം		0	200000
2516301	Electricity Line Extension -വൈദ്യുത ലൈൻ നീട്ടൽ	145731	50000	0
2516401	Tourism Infrastructure -ടൂറിസം പശ്ചാത്തല സൌകര്യങ്ങൾ	356382	0	0
2516501	Local Government Service Delivery Improvement	200000	1200000	0
2516502	Transferred Institution Service Delivery Improvement-ഘടക സ്ഥാപനങ്ങളിൽ നിന്നുള്ള സേവന സൌകര്യങ്ങൾ വർധിപ്പിക്കൽ	29537	0	0
251	**Total-Decentralised Plan Programme - Service Sector**	**65273320**	**182787338**	**103279200**
252	**Decentralised Plan Programme - Infrastructure Sector**			
2521001	Energy - Electrification of Street Lights -തെരുവ് വിളക്കുകളുടെ വൈദ്യുതീകരണം		0	230000
2521004	Conservation of Energy-ഊർജ സംരക്ഷണം		400000	0
2521007	Office Electrification -ഓഫീസ് വൈദ്യുതീകരണം		747510	0
2522001	Roads-റോഡുകൾ	3865385	58462516	34470000
2522002	Lanes -ലയിനുകൾ		0	1600000
2522007	Vehicles-വാഹനങ്ങൾ		432000	0
2523001	Public Buildings- പൊതു കെട്ടിടങ്ങൾ	1794018	200000	0
2523102	Other Constructions - Side Walls -മറ്റ് നിർമിതികൾ-പാർശ്വ ഭിത്തി		150000	0
2523201	Purchase of Vehicles-വാഹനങ്ങൾ വാങ്ങൽ		216000	0

252	**Total-Decentralised Plan Programme - Infrastructure Sector**	**5659403**	**60608026**	**36300000**
253	**Projects not included in Sector Division**			
2531011	Contribution towards SSA - SSA പദ്ധതിക്കുള്ള വിഹിതം		2500000	2500000
2531012	Payments to IKM -ഐ.കെ.എം നുള്ള പണം നൽകൽ		200000	200000
253	**Total-Projects not included in Sector Division**	**0**	**2700000**	**2700000**
255	**Maintenance Projects**			
255 10 01	Maintenance Projects - Road Assets -റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ		21150000	0
255 20 06	Maintenance Projects - Non Road Assets- Transferred Institutions -Allopathy (Hospitals/Dispensaries) റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ - ആശുപത്രി/ഡിസ്പന്സറി -അലോപ്പതി		250000	0
255 20 11	Maintenance Projects - Non Road Assets- Transferred Institutions - General Education -റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -പൊതു വിദ്യാഭ്യാസം		500000	0
255	Total-Maintenance Projects -മെയിന്റനൻസ് പ്രോജക്ടുകൾ-ആകെ	0	21900000	0
256	Other Revenue Grants and funds - Revenue Expenses - മറ്റ് റവന്യൂ ഗ്രാന്റുകളും ഫണ്ടുകളും			

2561001	Other Revenue Grants and funds - Revenue Expenses-മറ്റ് റവന്യൂ ഗ്രാന്റുകളും ഫണ്ടുകളും	1992581		0
256	**Other Revenue Grants and funds - Revenue Expenses-Total-മറ്റ് റവന്യൂ ഗ്രാന്റുകളും ഫണ്ടുകളും -ആകെ**	**1992581**	**0**	**0**
260	**Grants, Contributions and Compensations from Own Fund**			
260	**Grants, Contributions and Compensations from Own Fund-total**	**0**	**0**	**0**
	Total-Revenue Expenditure -PLAN-പ്ലാൻ റവന്യൂ ചെലവുകൾ ആകെ	**81753691**	**288816101**	**156349200**
BS-10- Revenue Expenditure-B FUND & STATE SPONSORED SCHEMES (നോൺ-പ്ലാൻ റവന്യൂ ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)				
254	**Expenditures of Transferred Institutions (not included under Decentralised Plan Programme)**			
254 20 01	State Sponsored Schemes (not included under Decentralised Plan Programme)-സംസ്ഥാന ആവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ	69468600	90000000	100000000
254	**Total-Expenditures of Transferred Institutions (not included under Decentralised Plan Programme)**	**69468600**	**90000000**	**100000000**
BS-11CAPITAL EXPENDITURE - LOAN REPAYMENTS (വായ്പ തിരിച്ചടവിനു വേണ്ടിയുള്ള വകയിരുത്തലുകൾ)				
330	**Loans**			
330 50 02	loans - Loan from Financial Institutions -മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ			2500000

	Total-loans - ആകെ വായ്പ തിരിച്ചടവ്	0	0	2500000
BS-12- CAPITAL EXPENDITURE - OTHER THAN LOAN REPAYMENTS **(മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)**				
410 10 01	Land (ഭൂമി)		2300000	0
410 20 01	Buildings (പൊതു കെട്ടിടങ്ങൾ)	3207811	9442374	2800000
410 30 01	Roads (റോഡുകൾ)	9365772	23908448	13320000
410 30 02	Lanes (ഇടവഴികൾ)	148016	0	2350000
410 30 03	Culverts, Bridges & Other constructions (കലുങ്കുകളും പാലങ്ങളും അനുബന്ധ നിർമിതികളും)		2100000	0
410 50 01	Irrigation (ജലസേചന സ്രോതസ്സുകളും,അനുബന്ധ നിർമിതികളും		1100000	0
410 60 01	Electricity (വൈദ്യുതി)	2000000	3950000	0
410 70 01	Waste Treatment (മാലിന്യ സംസ്കരണം)		3998400	1805000
410 71 01	Movable Assets (ജംഗമ സ്വത്തുകൾ)	626807	7257518	300000
410 80 01	Other Fixed Assets (മറ്റ് സ്ഥിര ആസ്തികൾ)		1450000	4000000
TOTAL CAPITAL EXPENDITURE - ആകെ മൂലധന ചെലവുകൾ		15348406	55506740	24575000
BS-13 - RECEIPT AND REFUND OF DEPOSIT **(ഡപോസിറ്റ് വരവും, മടക്കി നൽകലും)**				
3401001	Earnest Money Deposit-നിരതദ്രവ്യം		25000	25000
3401002	Security Deposit-സെക്യൂരിറ്റി നിക്ഷേപം		50000	50000
3401003	Retention-റിടെന്ഷൻ		50000	50000
3401099	Other Deposits-മറ്റ് നിക്ഷേപങ്ങൾ		10000	10000
3402001	Deposits-Revenue-റവന്യൂ നിക്ഷേപങ്ങൾ		10000	10000
3501101	Employee Liabilities – ജീവനക്കാർക്ക് നൽകാനുള്ള സംഖ്യ		6000000	6000000

3502001	Recoveries Payable -റിക്കവറികൾ അടവാക്കനുള്ളത്		1500000	1500000
3502002	Recoveries Payable - Deductions FROM WORK BILLS - വർക്ക് ബില്ലിൽ നിന്നുള്ള റിക്കവറികൾ അടവാക്കനുള്ളത്		10000	10000
3503001	Government and Other Dues Payable - സർക്കാരിലേക്ക് അടവാക്കാനുള്ള മറ്റ് കുടിശികകൾ		150000	150000
110	**ആകെ**		**7805000**	**7805000**





MOONNIYUR GRAMA PANCHAYATH